## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1422 — 30.01.2018 -ൽ മറുപടിക്ക്

### റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളായി മാറ്റുക എന്ന ലക്ഷ്യം നേടുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | റവന്യൂ ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളായി മാറ്റുക എന്ന ലക്ഷ്യം നേടുന്നതിനായി വില്ലേജ് ഓഫീസുകളിൽ നിന്നും വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഈ ലക്ഷ്യം പൂർണ്ണതോതിൽ ഫലപ്രാപ്തിയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിലാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആരംഭിച്ചത്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ വില്ലേജാഫീസുകളെ സ്മാർട്ട് റവന്യൂ ആഫീസുകളാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. നാളിതുവരെയായി 80 വില്ലേജാഫീസുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഏതെല്ലാം ഘടകങ്ങളാണ് ഈ ലക്ഷ്യം നേടുന്നതിന് വിഘാതമായി നിൽക്കുന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റ് ലഭ്യതയ്ക്ക് അനുസൃതമായി മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ